**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 361** **05-12-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സമഗ്രവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സമഗ്രവികസനം മുൻനിർത്തി പ്രാദേശിക വികസന രൂപരേഖയും ഓരോ ജില്ലയ്ക്കും സംയോജിത ജില്ലാ വികസന രൂപരേഖയും തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) | തദ്ദേശ ഭരണ സ്ഥാപനങ്ങൾ സമഗ്ര വികസനം ലക്ഷ്യമാക്കി അഞ്ച് വർഷത്തിലൊരിക്കൽ തയ്യാറാക്കുന്ന വികസനരേഖയുടെ അടിസ്ഥാനത്തിലാണ് ഓരോ പഞ്ചവൽസര പദ്ധതിയിലെയും വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണത്തിന്റെ ഭാഗമായി, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പൊതു വികസന കാഴ്ചപ്പാടും പ്രതിപാദിക്കുന്നതിനൊപ്പം ഓരോ വിഷയ മേഖലയുടെയും അവസ്ഥയും വികസനതന്ത്രവും വ്യക്തമാക്കുന്ന വികസനരേഖ തയ്യാറാക്കുന്നതിന് 26/11/2021 ലെ സ.ഉ.(കൈ) നം.275/2021 തസ്വഭവ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. അത് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവസ്ഥാരേഖ തയ്യാറാക്കുകയും വികസനരേഖ പരിഷ്കരിച്ച് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>കൂടാതെ 23/09/2017ലെ സ.ഉ.(കൈ) നം.19/2017/ പ്ലാനിംഗ് ഉത്തരവിലെ നിർദേശങ്ങൾക്കനുസൃതമായി ജില്ലാ ആസൂത്രണസമിതിയുടെ ആഭിമുഖ്യത്തിൽ ജില്ലയുടെ സംയോജിത വികസന കാഴ്ചപ്പാട് വ്യക്തമാക്കുന്ന ജില്ലാ പദ്ധതി എല്ലാ ജില്ലകളിലും തയ്യാറാക്കിയിട്ടുമുണ്ട്.<br><br>സംസ്ഥാനത്തിൻറെ പ്ലാൻ സ്കീമായ 'ഐഡിഡിപി/ എൽഡിപി തയ്യാറാക്കലിനു' കീഴിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും പ്രാദേശിക വികസന രൂപരേഖയും (LDP), ഓരോ ജില്ലക്കും സംയോജിത ജില്ലാ വികസന രൂപരേഖയും (IDDP) നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്നതിനു ലക്ഷ്യമിടുന്നുണ്ട്. ഒരു ജില്ലയുടെ വികസന പ്രശ്നങ്ങൾ പരിഗണിച്ച് ജില്ലയുടെ മൊത്തത്തിലുള്ള വികസനതിന് ഊന്നൽ |

| | | | |
|---|---|---|---|
| | | | നൽകിക്കൊണ്ടാണ് സംയോജിത ജില്ലാ വികസന രൂപരേഖ (IDDP) തയ്യാറാക്കുന്നത്. പ്രസ്തുത സ്കീമിൻറെ കീഴിൽ കൊല്ലം ജില്ലയിൽ ആദ്യമായി സംയോജിത ജില്ലാ വികസന രൂപരേഖ തയ്യാറാക്കിയത് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് തൃശ്ശൂർ, പാലക്കാട്, ആലപ്പുഴ, ഇടുക്കി, വയനാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളുടെ സംയോജിത ജില്ലാ വികസന രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും, ഇതിൽ തൃശ്ശൂർ, പാലക്കാട്, ആലപ്പുഴ, ഇടുക്കി, വയനാട്, കോഴിക്കോട് എന്നിവയുടെ കരട് തയ്യാറാക്കിയിട്ടുള്ളതുമാണ്. ജില്ലയിലുള്ള തദ്ദേശ സ്ഥാപനങ്ങളുടെ പ്രദേശത്തിന്റെ വികസനത്തിനായി പ്രാദേശിക വികസന രൂപരേഖ (LDP) തയ്യാറാക്കുന്നതിനും ഈ പ്ലാൻ സ്കീമിൽ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ